## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2900**

**10/03/2017 ൽ മറുപടിയ്ക്ക്**

### കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**
**ശ്രീ.ആർ.രാമചന്ദ്രൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഫാക്ടറി ഉടമകളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (എ) | സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികളിലെ സിംഹഭാഗവും തുറന്നു പ്രവർത്തിക്കാത്ത വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും പ്രത്യേകം യോഗങ്ങൾ വിളിച്ച് ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും മനസ്സിലാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.<br>വ്യവസായികൾ ഉന്നയിച്ച വിഷയങ്ങളിൽ ഗവൺമെന്റ് തുറന്ന സമീപനമാണ് സ്വീകരിച്ചത്. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തിയെങ്കിലും മറുപടി അനുകൂലമായിരുന്നില്ല. ബാങ്ക് ലോൺ റീ-സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് ആറുമാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ ഒരു എസ്.പി.വി രൂപീകരിക്കുവാനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപറേഷനും കാപെക്സും സ്വീകരിച്ചു വരുന്നു. അതിനു വേണ്ടി 2016-17 ൽ ബഡ്ജറ്റ് വിഹിതമായി 30 കോടി രൂപ കാഷ്യൂ കോർപറേഷനും 10 കോടി രൂപ കാപ്പക്സിനും ഇതിനകം നൽകിയിട്ടുണ്ട്. കൂടാതെ കാഷ്യൂ കോർപറേഷൻ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കടങ്ങൾ ഒറ്റത്തവണയായി തീർക്കുന്നതിന് 80 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്. |
| (സി) | കശുവണ്ടി ഫാക്ടറികളിൽ തൊഴിലില്ലാത്തതു മൂലം പട്ടിണിയിലായ കുടുംബങ്ങൾക്ക് ആശ്വാസമായി സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ